**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1191** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ശല്യം, പ്രകൃതി ക്ഷോഭം എന്നിവ മൂലം കൃഷി നാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കർഷകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും കാർഷിക മേഖല നേരിടുന്ന വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, വിള ഇൻഷുറൻസ് പദ്ധതി എന്നിവയുടെ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാനും പദ്ധതി വിപുലീകരിക്കാനുമുള്ള ശുപാർശകൾ വിശദമായി പഠിച്ച് സമർപ്പിക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

**(ബി)** നഷ്ടപരിഹാര തുക വേഗത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അർഹരായ കർഷകർക്ക് നഷ്ടപരിഹാര തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് AIMS പോർട്ടൽ വഴി അപേക്ഷ സ്വീകരിച്ച് വേണ്ട പരിശോധനകൾ നടത്തി അംഗീകരിക്കുന്നു. അടിയന്തര സഹായ പദ്ധതിയിലെയും, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലെയും കുടിശ്ശികകൾ കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും ലഭ്യമാമാക്കുന്നതിനായി 15.03.2026-ൽ സ.ഉ (കൈ)നം.160/2026/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അടിയന്തര ധനസഹായ പദ്ധതി പ്രകാരവും കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതിയായ RWBCIS (Restructured Weather Based Crop Insurance Scheme) പ്രകാരവും നൽകുവാൻ ബാക്കിയുള്ള സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിലേയ്ക്ക് കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കുന്നത് സംബന്ധിച്ച പ്രൊപോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലുള്ളതാണ്.

**സെക്ഷൻ ഓഫീസർ**